ഒഴിവു ദിനങ്ങളെ ആഘോഷമാക്കുന്ന ഒരു ചെറുകുടുംബം; അവർ സ്വീകരിച്ച വഴികളിലെ സാഹസികതയും ചാരുതയും ഇഴ ചേർന്ന വ്യത്യസ്തതകൾ കൊണ്ട് ഞങ്ങളുടെ ശ്രദ്ധയിൽ വന്നു ചേർന്നു, ഈയടുത്ത കാലത്ത്.

ആ കണ്ടെത്തൽ നല്കിയത് ജൈവവൈവിധ്യങ്ങളുടെ കുതൂഹലതകൾ ഒളിപ്പിച്ചു വച്ച പ്രകൃതിയുടെ അനേകം ഭാവചിത്രങ്ങൾ!

വനാന്തരങ്ങളിലേക്കുപോയി മായാവിസ്മങ്ങളിലൂളിയിട്ട് ക്യാമറയാൽ ചിത്രങ്ങളൊരുക്കിയ ഒരു പെങ്ങളൂട്ടിയെ പരിചയപ്പെടുത്തുന്നു.

ഈയാഴ്ചയിലെ പ്രതിഭ

മൃദുല മുരളി
സീനിയർ അസ്സോസിയേറ്റ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
അളഗപ്പനഗർ, പുതുക്കാട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഫെറോക്ക് ശാഖയിൽ ഉദ്യോഗസ്ഥനായിരുന്ന പരേതനായ എ.സത്യനാഥന്റേയും വീട്ടമ്മയായ ശ്രീമതി പി.സ്മിതയുടേയും മകളായി കോഴിക്കോട്ടു ജനനം.

പന്തീരങ്കാവ് യു.പി. സ്കൂൾ, ബി.ഇ.എം.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, രാമകൃഷ്ണമിഷൻ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയിലെ പഠനശേഷം കാസർഗോഡ്, പടന്നക്കാട് കോളേജ് ഓഫ് അഗ്രിക്കൾച്ചറിൽ നിന്ന് (2004-2008) അഗ്രിക്കൾച്ചറൽ ബി എസ്സ് സി ബിരുദം നേടി.അക്കാദമിക കാലത്ത് പ്രത്യേക പ്രാവീണ്യമൊന്നും സ്വായത്തമാക്കിയതായി അവകാശപ്പെടുന്നില്ല, മൃദുല.
പക്ഷെ തന്നിലെ ഫോട്ടോഗ്രഫറിന്റെ ജനനത്തിന് പടന്നക്കാട് കാർഷിക കോളേജിൽ പിന്നിട്ട നാളുകളാകാം കാരണമെന്നും അവർ കണ്ടെത്തുന്നു, കൂടെ ജീവിത പങ്കാളി തന്ന അളവറ്റ തുണയും പ്രോത്സാഹനവും!

നൂറിൽ താഴെ മാത്രം വിദ്യാർത്ഥികൾ പഠിച്ചിരുന്ന കലാലയത്തിൽ എല്ലാത്തരത്തിലുമുള്ള കലാ നൈപുണ്യ പരീക്ഷണങ്ങൾക്ക് അവസരം ലഭിച്ചു. വ്യത്യസ്തയായിരിക്കുകയെന്ന തന്റെ ആഗ്രഹമാകണം ഫോട്ടോഗ്രഫിയിലേക്കു വഴി തുറന്നു കിട്ടിയതും എന്ന് മൃദുല കരുതുന്നു.

ജീവിത പങ്കാളിയായി തൃശൂരുകാരൻ മുരളീമോഹൻ വന്നതോടെ വിനോദ യാത്രകൾ പുതു ഹോബിയായി. ക്യാമറകളുടെ തോഴനായ

മുരളി തന്റെ ഫോട്ടോഗ്രഫി നൈപുണ്യത്തെ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിച്ചു. 2011 ലായിരുന്നു വിവാഹം. ആദ്യയാത്ര തന്നെ നാഗർഹോളെ വന്യമൃഗസങ്കേതത്തിലേക്കായിരുന്നു.ആദ്യമായി കാടു കാണുകയായിരുന്നു. വൈൽഡ് ലൈഫ് ഫോട്ടോഗ്രഫിയിൽ തത്പരനായിരുന്ന മുരളി, മൃദുലയിലെ ഫോട്ടോഗ്രഫറെ അതിയായി പ്രോത്സാഹിപ്പിച്ചു. സ്വന്തമായി ചിത്രങ്ങൾ എടുക്കുവാൻ പാകത്തിന് അദ്ദേഹമൊരു പഴയ നിക്കോൺ D3400 വാങ്ങിക്കൊടുത്തു. ആദ്യകാലയാത്രകളിലെ സന്തതസഹചാരിയായി ഈ ക്യാമറ മാറി. പക്ഷികളുടെപടങ്ങളിലാണ് ശ്രദ്ധയധികവും.

കേരളത്തിലെ പ്രധാന വനമേഖലകൾക്കു പുറമെ നാഗർഗോളെ, മുതുമലൈ ടൈഗർ റിസർവ്, ദാരോജി സ്‌ളോത്ത് ബെയർ സങ്കേതം എന്നിവയിലൊക്കെ സഞ്ചരിച്ചു ചിത്രങ്ങൾ സമാഹരിച്ചു.

മകന്റെ ജനനത്തോടനുബന്ധിച്ചുള്ള നാളുകൾ, പിതാവിന്റെ മരണം എന്നിവ യാത്രകൾ നിറുത്തിവയ്ക്കുവാൻ പ്രേരണയായി. മകന് അഞ്ചു വയസ്സായതോടെ വീണ്ടും തുടങ്ങിയ യാത്രകൾ ഇപ്പോൾ തുടർച്ചയായ പ്രകൃതീ വന്ദനമായി മാറി. ക്യാമറ നിക്കോൺ D7500 ലേക്കും ലെൻസ് നിക്കോർ 200-500 എം എം ലേക്കും വഴി മാറി.ഒഴിവു ദിനങ്ങളിൽ വെളുപ്പിന് 5 മണിക്ക് യാത്ര തുടങ്ങും മകൻ ഇഷാനും കൂടെ കൂടും. മൂവർ സംഘം ക്യാമറയുമായി അലഞ്ഞു നടക്കും. ഓരോ ദൂരദേശ വനയാത്രയിൽ നിന്നും, പിന്നെ പതിവായുള്ള നെല്ലിയാമ്പതി, അതിരപ്പിള്ളി, വാഴാനി, കോൾപ്പാട ചെറുയാത്രകളിലും നിന്നുളവാകുന്ന അനുഭൂതി നിർവചിക്ക വയ്യ.

ഇതിനകം നൂറ്റിയമ്പതിലധികം പക്ഷികളുടെ വൈവിദ്ധ്യമാർന്ന ചിത്രങ്ങളുടെ ശേഖരം തയ്യാറാക്കിക്കഴിഞ്ഞു.

ചിത്രങ്ങളുടെ വ്യത്യസ്തതകൾ കണ്ടറിഞ്ഞ സുഹൃദ് സംഘത്തിലെ ഒൻപതു പേരും മൃദുലയും മുരളിയുമടങ്ങുന്ന പതിനൊന്നു പേർ ചേർന്ന BIOME എന്ന വനമേഖലാ-ജൈവ സംരക്ഷണ പ്രാധാന്യമേറിയ എക്സിബിഷൻ തൃശൂരും കോഴിക്കോടുമായി 2019 ൽ സംഘടിപ്പിച്ചു.

പതിനൊന്നു പേരിലെ ഏക വനിത എന്ന നിലയിൽ വാർത്താപ്രാധാന്യം നല്കി പ്രമുഖ മാധ്യമങ്ങൾ ആ സംരംഭത്തിന് പ്രോത്സാഹനമേകി. ആ ഡ്രീം പ്രോജക്ടിന് സഹൃദയ പിന്തുണ ഏറെ ലഭിക്കുകയും ചെയ്തു. ചിത്രങ്ങളുടെ വില്പനയിൽ ലഭിച്ച തുക അതിരപ്പിള്ളിയിലെ പരിസ്ഥിതി പ്രവർത്തകനായിരുന്ന പരേതനായ ബൈജു വാസുദേവന്റെ കുടുംബത്തിനു കൈമാറുകയാണ് ചെയ്തത്.

താൻ എടുത്ത ചിത്രങ്ങളിൽ ഏറ്റവും പ്രിയപ്പെട്ടതും മാസങ്ങളോളം കാത്തിരുന്നു കിട്ടിയതും സാഹസികത നിറഞ്ഞതുമായ പടം

തേൻകൊതിച്ചി പരുന്ത് എന്ന ഒരു തരം പരുന്ത് തേനീച്ചക്കൂട് ആക്രമിക്കുന്നതിന്റെ കൗതുകകാഴ്ച ആണെന്ന് മൃദുല വിലയിരുത്തുന്നു. അതിലെ കൗതുകമായ കാര്യം, ആ പടം വീടിന്റെ പരിസരത്തു നിന്നു തന്നെയാണ് എടുത്തതെന്നതും! കേരളത്തിൽ ആദ്യമായാണ് തേൻകൊതിച്ചിയുടെ ഇത്തരമൊരു ചിത്രം കിട്ടിയിട്ടുള്ളതെന്നതും അതിനെ ശ്രദ്ധേയമാക്കി.

2009 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ കൊണ്ടോട്ടി ശാഖയിൽ സീ. റ്റി. ഒ യായി മൃദുല ജോലിയിൽ പ്രവേശിച്ചു. 2011 ൽ വിവാഹശേഷം തൃശ്ശൂരിലേക്ക് ചേക്കേറി. തലോർ, വെസ്റ്റ് ഫോർട്ട്, കുരിയച്ചിറ ശാഖകളിലൂടെ ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അളഗപ്പനഗർ ശാഖയിൽ സീനിയർ അസോസിയേറ്റ് ആയി പ്രവർത്തിക്കുന്നു.
ബാങ്കിംഗിൽ അച്ഛന്റെ സൗമ്യസമീപനം എന്നും ആകർഷകമായിരുന്നു. തന്റെ ബാങ്കിംഗ് കരിയറിൽ അദ്ദേഹത്തിന്റെ ഓർമ്മകൾ മാർഗ്ഗദർശകമെന്ന് മൃദുലയുടെ വാക്കുകൾ. ആദ്യ ബ്രാഞ്ചിൽ വച്ചു തന്നെ കോഴിക്കോട് റീജ്യൻ ടൂ വിന്റെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുവാൻ കഴിഞ്ഞു.

തൃശൂർ പൂച്ചട്ടി ഭാരതീയ വിദ്യാഭവനിലെ ഒന്നാം ക്ളാസ് വിദ്യാർത്ഥിയായ മകൻ, ഇഷാൻ, ജീവിത പങ്കാളി, തൃശൂരിൽ ജിനോം സിസ്റ്റംസ് എന്ന കമ്പ്യൂട്ടർ സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണർ മുരളിമോഹൻ എന്നിവരടങ്ങുന്ന മൂവർ സംഘത്തിന് ആഹ്ളാദദിനങ്ങളാണിപ്പോൾ!
ഫോട്ടോഗ്രഫിയിൽ ആദ്യമായി ഒരു അംഗീകാര പത്രം ലഭിച്ചിരിക്കുകയാണ്!

തന്റെ പത്നിയുടെ പ്രകൃതിനിരീക്ഷണവും പ്രകൃതി ചിത്രങ്ങൾ പകർത്തുന്നതിലെ പാടവവും സാമൂഹ്യാവബോധ പ്രവർത്തനങ്ങളും അടുത്തറിഞ്ഞു വിസ്മയം കൊള്ളുന്ന ശ്രീ. മുരളി മോഹന്റെ വാക്കുകൾ കൂടി ചേർന്നാലെ ഈ കുറിപ്പു പൂർണ്ണമാകുകയുള്ളു.

"വിവാഹശേഷം ഞങ്ങളുടെ ആദ്യയാത്ര JLR കബനി റിസോർട്ടിൽ താമസിച്ച് നാഗർഹോലെവന്യമൃഗ സംരക്ഷണ കേന്ദ്രംകണ്ടു മടങ്ങുകയെന്ന ഉദ്ദേശത്തോടെയായിരുന്നു. കാടും കാടിന്റെ വൈവിധ്യവും മനസ്സിലാക്കുന്നതിന് മൃദുല കാട്ടിയ താല്പര്യം എന്നെ ഏറെ ആഹ്ളാദിപ്പിച്ചു. തുടർന്നുള്ള വനയാത്രകളിൽ ഉത്സാഹപൂർവം അവരെ ചേർത്തു നിറുത്തി; യാത്രയിലെ കൂട്ടും സഹായിയും

വഴികാട്ടിയുമൊക്കെയായി.
ചിത്രങ്ങൾ എടുക്കുന്നതിലെ താല്പര്യവും ക്ഷമാശീലവും വിവരശേഖരണ രീതികളും എന്നെ അത്ഭുതപ്പെടുത്തി. പ്രോത്സാഹിപ്പിക്കുവാനായി ഒരു യൂസ്ഡ് നിക്കോൺ D 3400 ക്യാമറ വാങ്ങിക്കൊടുത്തു. അതിന്റെ ഉപയോഗവും സാങ്കേതിക വശങ്ങളും വേഗത്തിൽ ഹൃദിസ്ഥമാക്കി എടുത്ത ചിത്രങ്ങൾ അവരുടെ പ്രതിബദ്ധത തെളിയിക്കുന്നവയായിരുന്നു.

വന്യജീവികളും നാട്ടിലെ പക്ഷികളും അവയുടെ വിവരശേഖരണവും കലശലായപ്പോൾ പോലും മകന്റെയും കുടുംബത്തിന്റെയും ഓഫീസ് ജോലിയുടെയും കാര്യത്തിൽ ഓരോ ചുവടിലും ജാഗരൂകയായ മൃദുലയുടെ അർപ്പണം വന്യജീവി ഫോട്ടോഗ്രഫറായ എനിക്കും അളവറ്റ പ്രചോദനമായി. ആധുനിക ക്യാമറകൾ കൈകാര്യം ചെയ്യുന്നതിലും ലെൻസുകളും അവയുടെ സാങ്കേതികത്വങ്ങളും ഹൃദിസ്ഥമാക്കുന്നതിലും അനിതരസാധാരണമായ ഉത്സാഹം അവർ നില നിറുത്തുന്നു. പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്കു വേണ്ടി നടത്തപ്പെടുന്ന പ്രദർശനങ്ങൾ, ക്ലാസ്സുകൾ എന്നിവയിൽ അതീവ തല്പരയാണ്. മകൻ ഇഷാനെയും കൂടെ കൂട്ടിയുള്ള സാഹസിക യാത്രകൾ അവനിലെ കൊച്ചു കലാഹൃദയത്തേയും തൊട്ടുണർത്തുന്നു." മുരളിയുടെ വാക്കുകളിൽ ആർദ്രതയേറി.

ശ്രീ മുരളി മോഹൻ, കേരള വന്യജീവിസംരക്ഷണ വകുപ്പിന്റെ ഫോട്ടോഗ്രഫി മത്സരം 2019 ലെ പ്രോത്സാഹന സമ്മാന വിജയിയുമാണ്.

പാലക്കാട് image ഫോട്ടോ ക്ലബ്ബ് നടത്തിയ എട്ടാമത് ഓൾ ഇന്ത്യാ എക്സിബിഷനിൽ സെർട്ടിഫിക്കറ്റ് ഓഫ് മെരിറ്റ് നേടിയിരിക്കുകയാണ്, മൃദുല.

അപാരമായ പ്രകൃതിയിലേക്ക് സന്ദേശവാഹകരായി സഞ്ചരിച്ചു കൊണ്ട് അതിന്റെ സൗന്ദര്യവും വിസ്മയവും ചിത്രങ്ങളിലാവാഹിച്ച് അംഗീകാരത്തിന്റെ നിറവിൽ പ്രകൃതീ വന്ദനം തുടരുവാൻ ഈ വ്യത്യസ്ത കലാ കുടംബത്തിന് കഴിയട്ടെ.

ടാലന്റഡ് ബാങ്കേഴ്സിന്റെ ആശംസകൾ !!

**English Version**

This week, let's introduce to you a distinctive personage who with her family celebrates holidays through vagaries of adventures and enchantment interwoven in synchronization, cognizance of which gave us a glimpse of the elegantly imaginative portraits of nature otherwise latent, manifested in all its elegance by virtue of it's rich biodiversity.

There is some one among us who has explored the fringe of the woods and taken snaps with her camera,with her status quo succumbing to the unsettling effect created by the wonders of nature:

Mridula Murali
Senior Associate
State Bank of India,
Alagappa Nagar, Puthukkad.

Mridula was Born in Kozhikode as the daughter of late A. Satyanathan who was an officer in State Bank of Travancore, Feroke branch and Mrs. P Smitha, a home maker.

After her course of studies at Pantheerankavu UP school,BEM Girls Higher Secondary School and Ramakrishna Mission Higher Secondary School, Kasaragod, she graduated from Padannakad College of Agriculture and it's back then that she traced her photographic skills.

The college, where less than hundred students studied, opened new avenues that equipped her to majestically experiment with all sorts of artistic skills. She trows that it is her wanting for being idiosyncratic which made photography her relentless passion.

Since that point of time Murali Mohan, native of Thrissur turned out to be her partner,travelling became her new hobby.He roused her photography skills.After they got married in 2011, they had their debut journey together to Nagarhole Wildlife sanctuary. He gifted her a Nikon D3400 camera which became her dear companion. She used to be profoundly fond of capturing images of birds.

In addition to the major forest areas of Kerala, she has travelled to Nagarhole, Mudumalai Tiger Reserve and Daroji Sloth Bear Sanctuary.

During the initial years associated with her son's birth and her father's death, her journeys came to a halt to revive again when her son was five years old and has now become a persistent exercise. Her camera gave way to Nikon D7500 and lens to Nikon 200-500 mm eventually with years down the road.On holidays the family starts unfailingly at 5 AM. Inexplicable is how they feel about the splendid voyages with their cameras to places like Nelliampathi, Athirappilly, Vazhani etc.
They have with them images of over 100 birds.

There unfurled the turning point in their life when 'Biome' -a biodiversity conservation oriented exhibition was organized in Thrissur and Kozhikode in 2019, by Mridula, Murali and their friends. It caught the attention of media as Mridula was the only woman out of the eleven. The proceeds from the sale of the pictures were donated to the family of Mr Biju Vasudevan, late environmental activist in Athirappilly.

Her most favorite of the snaps she has captured is the splendid view of an eagle attacking a bee hive.That the image was taken from the premises of her home is the most interesting fact. This has been the first time, such a picture is taken in Kerala.

Mridula joined the Kondotty branch of the State Bank of Travancore as CTO in 2009. After she got married in 2011, she relocated to Thrissur.After her stint at Thalore and Kuriachira branches, she is working as Senior Associate at Alagappa Nagar branch of the bank. Mridula had always found her father's subtle approach to banking, appealing. It's his memories that guide her in the pursuit of banking career. At her very first branch, she received recognition from Kozhikode Region two.

Days of bliss are these for Mridula, her husband who is working as managing partner of Gnome Systems, Thrissur and their son, Ishaan who is studying in Bhartiya Vidya Bhavan,Thrissur,with she having grabbed a certificate of recognition for her adeptness in photography.

Murali recounts that after their wedding,they stayed at JLR Kabani Resort and visited Nagarhole Wildlife Sanctuary. He accompanied her in the forest trips thenceforth.He used to get wonder struck by her passion and commitment towards photography and gifted her a used Nikon camera.Even amidst her hectic schedule she never failed in fulfilling her responsibilities as a homemaker.

Mridula takes interest in dexterously handling first ever of its kind modern cameras and being a part of exhibitions hosted for the public and students. Her artistic pursuits are so charismatic that it accentuates the artistic skills of her son too.

Shree Murali Mohan is a consolation prize winner of the photography competition hosted by Kerala Wildlife Department. Mridula has to her credit, Certificate of Merit she won at the 8th All India Exhibition organized by Image Photo Club, Palakkad.

We wish the family all success to keep on exploring the eternity of nature and uninterruptedly pursue their wonderful journeys in all it's magnificence.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram